റോഡുകളുടെ തകർച്ച

25(*265) ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളുടെ അടിക്കടിയുണ്ടാകുന്ന തകർച്ചമൂലം പ്രതിവർഷം ശരാശരി എന്ത് തുകയുടെ നഷ്ടമാണ് ഉണ്ടാകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) റോഡുകളുടെ മധ്യത്തിലൂടെ കടന്നുപോകുന്ന കേബിളുകളും പൈപ്പ് ലൈനുകളും തകരാറിലാകുന്നത് പരിഹരിക്കാൻ നടത്തുന്ന ശ്രമങ്ങൾ റോഡുകളുടെ ആയുസ് കുറയ്ക്കുമെന്ന കാര്യം ഗൗരവമായി എടുത്തിട്ടുണ്ടോ ; എങ്കിൽ ആയതിന് ശാശ്വതമായ പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) ഉപരിതലം പുതുക്കുന്നതിലുള്ള കാലതാമസം കൊണ്ടും കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ കൊണ്ടും റോഡ് യൂട്ടിലിറ്റിക്കായി വെട്ടിമുറിക്കുന്നതുമൂലവും റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കാറുണ്ട്. ഇവ പരിഹരിക്കുന്നതിനായി പ്രതിവർഷം അറ്റകുറ്റപണികൾക്കായി കഴിഞ്ഞ മൂന്നു വർഷകാലയളവിൽ നിരത്തു വിഭാഗത്തിൻകീഴിൽ ശരാശരി 350 കോടി രൂപയുടെ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതായി വന്നിട്ടുണ്ട്.

(ബി) റോഡുകളുടെ മധ്യത്തിലൂടെ കടന്നുപോകുന്ന കേബിളുകളുടെയും പൈപ്പ് ലൈനുകളുടെയും തകരാറ് പരിഹരിക്കാൻ നടത്തുന്ന പ്രവൃത്തികൾമൂലം റോഡിന്റെ ആയുസ്സ് കുറയുന്നത് ഗൗരവമായി വിലയിരുത്തിയിട്ടുണ്ട്. നിലവിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി അതതു ജില്ലകളിലെ ജില്ലാകളക്ടർമാർ അദ്ധ്യക്ഷനായും വിവിധ വകുപ്പുകളുടെ ജില്ലാ മേധാവികൾ അംഗങ്ങളായും ഒരു സമിതി നിലവിലുണ്ട്. പ്രസ്തുത സമിതിയിൽ വിലയിരുത്തിയ ശേഷമാണ് റോഡ് മുറിക്കുന്നതിനുള്ള അനുവാദം നൽകാറുള്ളത്.

കെ.എസ്.ടി.പി.പദ്ധതിയിൽ ഏറ്റെടുത്ത് നിർമ്മാണം നടത്തുന്ന റോഡ് പ്രവൃത്തികളിൽ റോഡ് നിർമ്മാണത്തിന് മുൻപ് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനെക്കൊണ്ട് കെ.എസ്.ടി.പി.യുടെ ചെലവിൽ പൈപ്പ് ലൈനുകൾ, വൈദ്യുതി ലൈനുകൾ എന്നിവ റോഡിന്റെ വശങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കാറുണ്ട്. അതുപോലെ തന്നെ നിർമ്മാണം നടത്തുന്ന റോഡുകളുടെ വിവരങ്ങൾ BSNL, മറ്റ് സ്വകാര്യ കമ്പനികൾ എന്നിവരെ അറിയിക്കുകയും നിർമ്മാണ വേളയിൽ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഇവരുടെ കേബിളുകൾ റോഡിൽ നിന്ന് മാറ്റി സ്ഥാപിക്കുന്നുമുണ്ട്. കർശന വ്യവസ്ഥയോടെ മാത്രമേ ഇത്തരം ഏജൻസികൾക്ക് പൈപ്പ് ഇടാനും കേബിളുകൾ ഇടാനുമുള്ള അനുവാദം കൊടുക്കാറുള്ളൂ. കഴിവതും റോഡിന്റെ വശങ്ങളിൽ മാത്രമേ ഈ ഏജൻസികളെകൊണ്ട് പൈപ്പുകളും കേബിളുകളും ഇടീക്കാറുള്ളൂ. ഏതെങ്കിലും അത്യാവശ്യ സാഹചര്യത്തിൽ റോഡുകൾ കട്ട് ചെയ്യണമെങ്കിൽ ഈ റോഡുകൾ നിലവിലുള്ള സ്ഥിതിയിൽ പുനർനിർമ്മിക്കുന്നതിനുള്ള Restoration charge ഈ ഏജൻസിയിൽ നിന്നും ഈടാക്കി ഇതിന്റെ പുനർ നിർമ്മാണം കെ.എസ്.ടി.പി. തന്നെയാണ് ചെയ്യുന്നത്. ഇതുമൂലം കെ.എസ്.ടി.പി.പദ്ധതിയിൽപ്പെട്ട റോഡുകളിൽ പൈപ്പുകളും കേബിളുകളും തകരാറായി റോഡിന്റെ ആയുസ്സ് കുറയുന്നില്ല.

ദേശീയപാതാ വിഭാഗത്തിൽപ്പെടുന്ന റോഡുകളിൽ കേബിളുകളും പൈപ്പ് ലൈനുകളും ഇടാനുള്ള അനുമതി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് അനുസരിച്ചാണ് നൽകുന്നത്. നിലവിലെ നിർദ്ദേശപ്രകാരം കേബിളുകളും പൈപ്പ് ലൈനുകളും റൈറ്റ് ഓഫ് വേയുടെ അരികിൽകൂടി മാത്രമേ ഇടുവാൻ അനുമതി നൽകുകയുള്ളൂ. റോഡിന്റെ ടാർ ചെയ്ത ഭാഗം ക്രോസ് ചെയ്യേണ്ടി വരുന്ന സന്ദർഭങ്ങളിൽ ടാർ ഉപരിതലത്തിൽ ഇറക്കുന്ന കുഴിയെടുക്കൽ അനുവദിക്കാതെ Horizontal Directional Drilling (HDD) യൂടെ ടാർ ചെയ്ത ഉപരിതലം ക്രോസ് ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത്.

ഹയർസെക്കന്ററി പാഠപുസ്തകങ്ങളുടെ പരിഷ്കരണം

26(*266) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പാഠപുസ്തകങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ പാഠപുസ്തകങ്ങൾ എന്നു മുതലാണ് പ്രാബല്യത്തിൽ വരുത്താനുദ്ദേശിക്കുന്നത് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ,

(എ) ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. കേരള സ്കൂൾ പാഠ്യപദ്ധതി-2013-ന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച ഒന്നാംവർഷ ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ (11-ാം ക്ലാസ്) 9-1-2014-ന് ചേർന്ന 41-ാമത് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിങ്ങ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി 2014-15 അദ്ധ്യയനവർഷം മുതൽ നടപ്പിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly